MONDAY 23-05-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/05/2022.

1. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2413739** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ഇടുക്കി ജില്ലയിലെ ഉപ്പുകുന്ന് മൃഗാശുപത്രിയുടെ പ്രവർത്തനോദ്ഘാടനം ഇന്ന് (മേയ് 23) രാവിലെ 11 മണിക്ക് തൊടുപുഴ എം.എൽ.എ പി.ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് മൃഗസംരക്ഷണ മേഖലയിൽ വിവിധ സംരംഭങ്ങൾ എന്ന വിഷയത്തിൽ സെമിനാറും ഉണ്ടായിരിക്കും.

3. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) നടപ്പിലാക്കുന്നു. ഈ പദ്ധതിയിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ നൽകാവുന്നതാണ്. സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവ ഉത്തേജന ഉത്പാദന യൂണിറ്റ് (വിത്തുൽപാദനം, ടിഷ്യൂകൾച്ചർ നേഴ്സറി), ജൈവവള ഉത്പാദനം, വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, പാക്ക്ഹൗസ്, കാർഷിക പ്രാഥമിക പ്രവർത്തനങ്ങൾ (വൃത്തിയാക്കൽ, ഉണക്കൽ, തരംതിരിക്കൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ), സംഭരണ കേന്ദ്രങ്ങൾ (വെയർഹൗസ്, സിലോസ്, കോൾഡ് സ്റ്റോറേജ്), ഇ-മാർക്കറ്റിംഗ് സൗകര്യമുള്ള വിതരണ ശൃംഖല, യോഗ്യതയുള്ള ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകളിൽ സോളാർ പാനൽ നിർമ്മാണം, റൈസ് ആന്റ് ഫ്ളോർ മിൽ, ഓയിൽ മിൽ, സുഗന്ധവ്യഞ്ജനങ്ങൾ പൊടിക്കുന്നത്, ശർക്കര/പഞ്ചസാര സംസ്കരണം എന്നീ പദ്ധതികൾക്ക് ഈ ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം),**

**918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട് കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വ്യാപകമായ മഴക്കെടുതിമൂലം കൃഷിയിടങ്ങളിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട പരിപാലന മുറകൾ, കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും, സംശയ നിവാരണങ്ങൾക്കുമായി കർഷകർക്കായി ഓൺലൈൻ ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രഞ്ജർ അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്നതാണ്.

| | |
|---|---|
| നീരജ സി. ആർ - അസിസ്റ്റന്റ് പ്രൊഫസർ (വിള പരിപാലനം – അഗ്രോണമി) | 9496303221 |
| അനൂപ് കൃഷ്ണൻ - അസിസ്റ്റന്റ് പ്രൊഫസർ (വിള പരിപാലനം – ഹോർട്ടികൾച്ചർ) | 9497485324 |
| ഡോ. ദീപ ജയിംസ് - അസിസ്റ്റന്റ് പ്രൊഫസർ (രോഗകീട നിയന്ത്രണം) | 9961433467 |
| ഡോ. പ്രീതി ഉണ്ണിത്താൻ - അസിസ്റ്റന്റ് പ്രൊഫസർ (മൃഗ സംരക്ഷണം) | 9447654148 |
| ഡോ. അപർണ രാധാകൃഷ്ണൻ - അസിസ്റ്റന്റ് പ്രൊഫസർ (കാർഷിക വിജ്ഞാന വ്യാപനം), | 8468990086 |
| ഡോ. അനീന ഇ.ആർ. – അസോസിയേറ്റ് പ്രൊഫസർ (ഹോം സയൻസ്), | 9495668850 |
| ഡോ. സുമ നായർ- അസിസ്റ്റന്റ് പ്രൊഫസർ (അഗ്രി. എൻജിനിയറിങ്), | 9446157139 |

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. ജൂൺ ഒന്ന് ക്ഷീരദിനത്തോടനുബന്ധിച്ച് പത്തനംതിട്ട അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് ( മേയ് 27) പത്തനംതിട്ട ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഉപന്യാസ രചന (മലയാളം), ചെറുകഥാ രചന (മലയാളം), ഡയറി ക്വിസ് എന്നിവ നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 25 നു (മേയ് 25) വൈകിട്ട് 5 മണിക്ക് മുമ്പായി **7025216927, 9495390436, 9656936426** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ dedcadoor@gmail.com എന്ന ഇ-മെയിൽ മുഖേനയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് മാസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 140 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

8. ഇന്ത്യാ റബ്ബർ മീറ്റ് 2022 (ഐ.ആർ.എം. 2022) ജൂലൈ 22, 23 തീയതികളിൽ കൊച്ചി ലേ മെരിഡിയനിൽ നടക്കും. റബ്ബർമേഖലയെ പ്രതിനിധാനം ചെയ്യുന്ന എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന സമ്മേളനങ്ങളിൽ ആറാമത്തേതാണ് ഇത്. കർഷകർ, വ്യാപാരികൾ, ഉത്പന്നനിർമ്മാതാക്കൾ, നയരൂപകർത്താക്കൾ, കാർഷികോദ്യോഗസ്ഥർ, സാമ്പത്തികവിദഗ്ദ്ധർ, മാധ്യമപ്രവർത്തകർ എന്നിങ്ങനെ റബ്ബർമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരുടെയും പങ്കാളിത്തത്തോടെയാണ് സമ്മേളനം നടത്തുന്നത്. റബ്ബർമേഖലയിലെ പ്രശ്നങ്ങൾ കൂട്ടായി ചർച്ചചെയ്യുന്നതിനും യോജിച്ച നടപടികൾ കണ്ടെത്തുന്നതിനും സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് അവസരമുണ്ടാകും. വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ആശയവിനിമയവും ബന്ധവും കൂടുതൽ മെച്ചപ്പെടുത്താനും കൂടുതൽ ബിസിനസ്സ് അവസരങ്ങൾ ഉണ്ടാക്കാനും സമ്മേളനം സഹായിക്കും. റബ്ബർ ബോർഡിനെയും റബ്ബർമേഖലയിലെ പ്രമുഖ സംഘടനകളെയും അംഗങ്ങളാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യാ റബ്ബർ മീറ്റ് ഫോറം (ഐ.ആർ.എം.എഫ്.) എന്ന സൊസൈറ്റി ആണ് മീറ്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സംഘടിപ്പിക്കുന്നത്. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി 500 പ്രതിനിധികൾ ഐ.ആർ.എം. മീറ്റിൽ പങ്കെടുക്കുമെന്നും പ്രതീക്ഷിക്കുന്നു.

**പരിശീലന പരിപാടികൾ**

9. ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25-ന് (മേയ് 25) **ശാസ്ത്രീയ ചിപ്പിക്കൂൺകൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 4.30 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രാവിലെ 9.30-ന് ഹാജരാകേണ്ടതാണ്.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25-ന് (25/05/22) രാവിലെ 10 മണി മുതൽ **കാടവളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം